പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1423

13/06/2014-ൽ മറുപടിക്ക്

## തലസ്ഥാന നഗരിയിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) തലസ്ഥാന നഗരിയിലെ പ്രധാന ഗതാഗത ടെർമിനലുകളും സാമൂഹ്യ കേന്ദ്രങ്ങളും സ്ഥിതി ചെയ്യുന്ന തമ്പാനൂർ, കിഴക്കേകോട്ട എന്നിവിടങ്ങൾ സഞ്ചാര യോഗ്യമല്ലാതായും സുരക്ഷിതമല്ലാതായും മാറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; (ബി) എങ്കിൽ ഇതു പരിഹരിക്കുന്ന തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | കേരള റോഡ് ഫണ്ട് ബോർഡ് ബി.ഒ.റ്റി - ആന്വിറ്റി വ്യവസ്ഥയിൽ നടപ്പിലാക്കുന്ന തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ ഭാഗമായി തമ്പാനൂരിലെയും കിഴക്കേക്കോട്ടയിലെയും റോഡുകൾ വികസിപ്പിച്ച് വരികയാണ്. തമ്പാനൂരിലെ റോഡ് നിർമ്മാണ പ്രവർത്തനം മിക്കവാറും പൂർത്തിയാകാറായി. കിഴക്കേക്കോട്ടയിൽ റോഡ് വികസനത്തിനാവശ്യമായ സ്ഥലം ലഭ്യമാകാത്തതു-കൊണ്ട് റോഡു വികസന പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കിഴക്കേക്കോട്ടയിലെ സ്ഥലം ഏറ്റെടുത്ത് നല്കുന്നതിനുള്ള നോഡൽ ഏജൻസി ട്രിഡയാണ്. ടി പ്രദേശത്തുള്ള കച്ചവടക്കാരെ പുനരധിവസിപ്പിച്ചശേഷം സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ട്രിഡ നടത്തിവരികയാണ്. |
| (സി) കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്ക് അവശ്യം വേണ്ട തമ്പാനൂരിലെ ബസ് സ്റ്റാന്റിൽ നിന്ന് റെയിൽവേ സ്റ്റേഷനിലേയ്ക്കുള്ള ഓവർബ്രിഡ്ജിന്റെ നിർമ്മാണം സംബന്ധിച്ച പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ? | (സി) | പ്രസ്തുത നിർമ്മാണം സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ